ഉത്തരം

(എ & ബി) അന്വേഷണ വിഷയത്തിൽ തീരുമാനിച്ചിട്ടില്ല.

(സി) ഇക്കാര്യം ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

ജനപ്രതിനിധികൾക്കു നേരെയുള്ള പോലീസ് മർദ്ദനവും കേസുകളും

30 (777) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് അംഗങ്ങൾ മുതൽ പാർലമെന്റ് അംഗങ്ങൾവരെയുള്ള ജനപ്രതിനിധികളും മുൻമന്ത്രിമാരുമായ എത്ര പേർക്ക് പോലീസ് മർദ്ദനവും പോലീസിന്റെ പീഡനവും സഹിക്കേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർ ആരെല്ലാമാണെന്നും ഏതൊക്കെ സ്ഥാനങ്ങൾ വഹിക്കുന്നവരാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(സി) പോലീസിന്റെ മർദ്ദനവും പീഡനവും സംബന്ധിച്ച് ജനപ്രതിനിധികൾ ഗവൺമെന്റിന് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം ജനപ്രതിനിധികളാണ് പരാതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഇ) പരാതികളിൽ സർക്കാർ എന്ത് നടപടി എടുത്തുവെന്നും ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ എന്നും എങ്കിൽ ആർക്കൊക്കെ എതിരെയാണെന്നും ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഒറ്റപ്പാലം എം. പി. ശ്രീ. എസ്. അജയകുമാർ, കുഴൽമന്ദം എം.എൽ.എ., ശ്രീ. എ. കെ. ബാലൻ, തളിപ്പറമ്പ് എം.എൽ.എ., ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ, ബേപ്പൂർ പഞ്ചായത്ത് മെമ്പർ ശ്രീ. പി. മാധവൻ, കൊല്ലം പനയം ഗ്രാമപഞ്ചായത്ത് മെമ്പർ, ശ്രീമതി. ജി. കെ. രാധമ്മ എന്നിവർ പരാതി നൽകിയിട്ടുണ്ട്.

(ഇ) പരാതികൾ അന്വേഷിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly